## ഗ്രാമവികസന കമ്മീഷണറേറ്റിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: നജീബ്.എച്ച്)

### സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ദാരിദ്ര്യ ലഘൂകരണവിഭാഗങ്ങളുടെ പുനഃക്രമീകരണവും ജീവനക്കാരുടെ പുനർവിന്യാസവും - ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ പുനർവിന്യാസം - അനുമതി നൽകി ഉത്തരവാകുന്നു.

| ഉത്തരവ് നം.309/എസ്റ്റാ.സി.3/2021/സിആർഡി | തീയതി : 25.02.2021 |
|---|---|

പരാമർശം:-. സ.ഉ (എം.എസ്) നം. 198/2020/എൽ.എസ്.ജി.ഡി തീയതി 23.12.2020.

### ഉത്തരവ്

സർക്കാർ പരാമർശ പ്രകാരം, നിലവിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ജില്ലാപഞ്ചായത്തുകൾക്ക് കൈമാറികൊണ്ടും, ചുവടെ ചേർത്തിരിക്കുന്ന 7 ഉദ്യോഗസ്ഥരെ അതാത് ജില്ലാപഞ്ചായത്തുകളുടെ കീഴിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗമായി നിലനിർത്തിയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരുടെ പുനർവിന്യാസം സംബന്ധിച്ച് ഉത്തരവാകുന്നതുവരെ നിലവിലുള്ള പ്രോജക്ട് ഡയറക്ടർമാരെ പി.എ.യുവിൽതന്നെ തുടരാൻ അനുവദിച്ചും ബാക്കി വരുന്ന ഉദ്യോഗസ്ഥരെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പട്ടിക (1)

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ഹെഡ് ക്ലാർക്ക് | 1 | 27800- 59400 |
| 2 | ക്ലാർക്ക് | 2 | 19000-43600 |
| 3 | ടൈപ്പിസ്റ്റ് | 1 | 19000-43600 |
| 4 | ഓഫീസ് അറ്റൻഡന്റ് | 1 | 17000-37500 |
| 5 | ഡ്രൈവർ | 1 | 18000-41500 |
| 6 | പി.റ്റി.എസ് | 1 | 9340-14800 |

ഇപ്രകാരം പുനർവിന്യസിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഗ്രാമവികസന വകുപ്പിലെ കേഡർ സ്ട്രെങ്ത്തിൽ വരുന്നവർ ആയതിനാൽ ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അറ്റൻൻസ് സർട്ടിഫിക്കറ്റ് പ്രകാരം 2515-00-001-50-00 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും മാറി നൽകുന്നതിന് ഗ്രാമവികസന കമ്മീഷണറെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം , ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ കോസ്റ്റിന്റെ കേന്ദ്രവിഹിതം ജില്ലാപഞ്ചായത്തിന് കീഴിൽ നിലനിർത്തിയിട്ടുള്ള യൂണിറ്റിനുവേണ്ടി ക്ലെയിം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

14 ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലായി 42 ക്ലാർക്കുമാരും 39 സീനിയർ ക്ലാർക്കുമാരും ഉൾപ്പെട്ട 81 ക്ലറിക്കൽ കേഡർ തസ്തികകളാണ് നിലവിലുള്ളത്. ടി ഉത്തരവ് അനുബന്ധം പിരിവ് 3, 4 പ്രകാരം ടി 39 സീനിയർ ക്ലാർക്കുമാരിൽ 20 പേരെ നഗരകാര്യ ഡയറക്ടറുടെ ശിപാർശ പ്രകാരം ആവശ്യമായ മുനിസിപ്പാലിറ്റികളിലേയ്ക്കും 19 പേരെ അതാത് ഗ്രാമപഞ്ചായത്തുകളിൽ നിയമിക്കണമെന്ന വ്യവസ്ഥയോടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും, 42 ക്ലാർക്കുമാരിൽ 14 ക്ലാർക്കുമാരെ ജില്ലയിൽ 1 എന്ന ക്രമത്തിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിലേയ്ക്കും 2 ക്ലാർക്കുമാരെ വീതം പുനഃക്രമീകരിക്കപ്പെട്ട ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നിലനിർത്തുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഖണ്ഡിക 1 പട്ടിക (1) പ്രകാരമുള്ള ഉദ്യോഗസ്ഥരെ നിലവിലെ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ തുടരുന്നതിനും ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം, അതാത് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ട ജില്ലയിലെ ജൂനിയറായ സീനിയർ ക്ലാർക്കുമാരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കൈമാറുന്നതിനും ഓരോ ക്ലാർക്കുമാരെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിലേയ്ക്ക് നിയമിക്കുന്നതിനും അതാത് ജില്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ബാക്കി വരുന്ന ജൂനിയറായിട്ടുള്ള സീനിയർ ക്ലാർക്കുമാരുടെ പേര് വിവരം ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും നഗരകാര്യ ഡയറക്ടറുടെ ശിപാർശപ്രകാരം സീനിയർ ക്ലാർക്കുമാരെ പുനർവിന്യസിക്കേണ്ട മുൻസിപ്പാലിറ്റികളുടെ വിവരം പിന്നീട് അറിയിക്കുന്നതുമാണ്.

<u>പട്ടിക (2)</u>

| ക്രമ നമ്പർ | ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം | അനുവദനീയമായ തസ്തികകളുടെ എണ്ണം | പുനർവിന്യസിക്കേണ്ട ക്ലാർക്ക്/സീനിയർ ക്ലാർക്കുമാരുടെ എണ്ണം | | | പി.എ.യു വിൽ നിലനിർത്തേണ്ട ക്ലാർക്ക് |
|---|---|---|---|---|---|---|
| | | | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജ) ഓഫീസ് (ക്ലാർക്ക്) | മുനിസിപ്പാലിറ്റി (സീനിയർ ക്ലാർക്ക്) | ഗ്രാമപഞ്ചായത്തുകൾ (സീനിയർ ക്ലാർക്ക്) | |
| 1 | തിരുവനന്തപുരം | 6 | 1 | 2 | 1 | 2 |
| 2 | കൊല്ലം | 6 | 1 | 2 | 1 | 2 |
| 3 | ആലപ്പുഴ | 6 | 1 | 2 | 1 | 2 |
| 4 | പത്തനംതിട്ട | 6 | 1 | 1 | 2 | 2 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഇടുക്കി | 5 | 1 | 1 | 1 | 2 |
| 6 | കോട്ടയം | 6 | 1 | 1 | 2 | 2 |
| 7 | എറണാകുളം | 6 | 1 | 2 | 1 | 2 |
| 8 | തൃശ്ശൂർ | 6 | 1 | 2 | 1 | 2 |
| 9 | പാലക്കാട് | 6 | 1 | 1 | 2 | 2 |
| 10 | മലപ്പുറം | 6 | 1 | 1 | 2 | 2 |
| 11 | കോഴിക്കോട് | 6 | 1 | 2 | 1 | 2 |
| 12 | വയനാട് | 6 | 1 | 1 | 2 | 2 |
| 13 | കണ്ണൂർ | 6 | 1 | 1 | 2 | 2 |
| 14 | കാസർഗോഡ് | 4 | 1 | 1 | 0 | 2 |
| | ആകെ | 81 | 14 | 20 | 19 | 28 |

അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർ അടിയന്തരമായി ഈ ഉത്തരവ് നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

പകർപ്പ്:-

1. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
2. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
3. ഗ്രാമവികസന കമ്മീഷണറുടെ സി.എ.യ്ക്ക്
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്